©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2023 സെപ്റ്റംബർ 20<br>20th September 2023<br>1199 കന്നി 3<br>3rd Kanni 1199<br>1945 ഭാദ്രം 29<br>29th Bhadra 1945 | നമ്പർ<br>No. 3097 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O. (P) No.76/2023/LBR. *Dated, Thiruvananthapuram, 20th September, 2023*
*3rd Kanni, 1199.*

**S. R. O. No. 1004/2023**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(P) No.133/2016/LBR. dated 6th August, 2016 and published as S.R.O. No. 551/2016 in the Kerala Gazette Extraordinary No.1450

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 17th August, 2016, the Government of Kerala after considering the objections and suggestions received on the draft proposals published as notification No.LBRD-E1/10/2023-LBRD. dated 19th April, 2023 in the Kerala Gazette Extraordinary No.1396 dated 20th April, 2023 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the handling and care of elephants sector in the State of Kerala, as specified in the schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**I. Basic Wages per month**

| | | |
|---|---|---|
| (1) First Mahout | - | ₹ 22,500/- |
| (2) Second Mahout | - | ₹ 22,000/- |

Note :- When a third Mahout is appointed for service then he should be paid the wage rate prescribed for the second mahout specified above.

**II. Dearness Allowance**

In addition to the basic wages, the employees shall be paid Dearness Allowance (Variable DA) calculated on the basis of the latest available Consumer Price Index numbers for each month published for the District Headquarters concerned by the Department of Economics and Statistics, Government of Kerala for each month at the rate of ₹ 60 (Rupees Sixty only) for each point above 190 points in the new series i.e., 2011-12=100.

**III. Insurance Scheme**

All employees who are engaged in the handling and care of elephants should cover under Life Insurance Policies and the premium of such Life Insurance Policies should be paid by the employers concerned in time.

**IV. Free Medical Assistance**

The employer concerned is responsible for providing free medical assistance of ₹ 3000/- per year to the employees and their families. The employee's family includes wife, unmarried daughters, minor sons and parents.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## V. Uniform

The employers concerned shall provide dhothies, shirts and towels two each per year at free of cost to their employees.

## VI. General Conditions

1. In case the employees are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

2. In case any post or category is not included in the schedule above, they shall be eligible for the basic wages prescribed for equivalent post/category.

3. Daily wages of the monthly paid employees included in the schedule above shall be calculated by dividing the total monthly wages by 26 and the monthly wages of the daily waged employees shall be calculated by multiplying the total daily wages by 26.

By order of the Governor,
**AJIT KUMAR**
*Secretary to Government.*

### Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government had revised the minimum rates of wages payable to the employees employed in the handling and care of elephants sector in the State of Kerala as per notification issued under G.O.(P) No.133/2016/LBR. dated 6th August, 2016 and published as S.R.O. No. 551/2016 in the Kerala Gazette Extraordinary No.1450 dated 17th August, 2016. The Government have, now, decided to revise the existing minimum rates of wages in the said sector after considering the objections and suggestions received on the draft proposal published as notification No.LBRD-E1/10/2023-LBRD. dated 19th April, 2023 in the Kerala Gazette Extraordinary No.1396 dated 20th April, 2023 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**
വിജ്ഞാപനം

സ.ഉ.(അച്ചടി) നം.76/2023/തൊഴിൽ

തിരുവനന്തപുരം, തീയതി, 2023, സെപ്റ്റംബർ 20
1199, കന്നി 3.

**എസ്. ആർ. ഒ. നമ്പർ 1004/2023**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) 133/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1450-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 551/2016 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2023 ഏപ്രിൽ 19-ാം തീയതിയിലെ നമ്പർ.ഇ 1/10/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 ഏപ്രിൽ 20-ാം തീയതിയിലെ 1396-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ ആനകളുടെ പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക**

**I. പ്രതിമാസ അടിസ്ഥാന ശമ്പളം**

| | | |
|---|---|---|
| (1) ഒന്നാം പാപ്പാൻ | - | 22,500/- |
| (2) രണ്ടാം പാപ്പാൻ | - | 22,000/- |

കുറിപ്പ്:- മൂന്നാം പാപ്പാൻ ഉള്ള അവസരങ്ങളിൽ പ്രസ്തുത തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ പ്രകാരം രണ്ടാം പാപ്പാന് നിശ്ചയിച്ചിട്ടുള്ള വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. ക്ഷാമബത്ത**

തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിനുപുറമേ സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 2011-12 = 100 എന്ന ഉപഭോക്തൃ വില സൂചികയിലെ അതത് ജില്ലാ കേന്ദ്രത്തിന്റെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചികയിലെ 190 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 60 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**III. ഇൻഷ്വറൻസ് പദ്ധതി**

ആനപരിപാലനത്തിനും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികൾക്കും ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും ഈ പോളിസിക്കുള്ള പ്രീമിയം തൊഴിലുടമ യഥാസമയം ഒടുക്കേണ്ടതുമാണ്.

**IV. സൗജന്യ വൈദ്യസഹായം**

തൊഴിലാളികൾക്കും അയാളുടെ കുടുംബാംഗങ്ങൾക്കും കൂടി പ്രതിവർഷം 3000 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള സൗജന്യ വൈദ്യസഹായം നൽകുവാൻ തൊഴിലുടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. തൊഴിലാളിയുടെ കുടുംബം എന്നാൽ അയാളുടെ ഭാര്യ, അവിവാഹിതരായ പെൺമക്കൾ, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു.

**V. യൂണിഫോം**

പ്രതിവർഷം 2 വീതം മുണ്ടും ഷർട്ടും തോർത്തും ബന്ധപ്പെട്ട തൊഴിലുടമ ഓരോ തൊഴിലാളിക്കും സൗജന്യമായി നൽകേണ്ടതാണ്.

**VI. പൊതു വ്യവസ്ഥകൾ**

1) ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2) ഏതെങ്കിലും തസ്തിക അല്ലെങ്കിൽ വിഭാഗം മുകളിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന തസ്തിക / വിഭാഗത്തിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള അടിസ്ഥാന വേതനത്തിന് അർഹതയുള്ളതാണ്.

3) മുകളിലത്തെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മാസവേതന ജീവനക്കാരുടെ ദിവസവേതനം കണക്കാക്കുന്നത് മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഹരിച്ചും ദിവസ വേതനക്കാരുടെ മാസവേതനം കണക്കാക്കുന്നത് മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും ആയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**അജിത് കുമാർ**
*ഗവൺമെന്റ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ആനകളുടെ പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) 133/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1450-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 551/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2023 ഏപ്രിൽ 19-ാം തീയതിയിലെ നമ്പർ.ഇ 1/10/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 ഏപ്രിൽ 20-ാം തീയതിയിലെ 1396-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

K1

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.09.20 09:26:21 +05:30